# പതിനാലാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്തചോദ്യം നം. 969 30.09.2016 ൽ മറുപടിയ്ക്ക്**

## ജൈവ പച്ചക്കറി ഉത്പാദനം

| ചോദ്യം<br>**ശ്രീ.എം.രാജഗോപാലൻ** | മറുപടി<br>**ശ്രീ. വി.എസ്.സുനിൽ കുമാർ<br>(കൃഷി വകുപ്പ് മന്ത്രി)** |
|---|---|
| എ) ജൈവ പച്ചക്കറി എന്ന വ്യാജേന കീടനാശിനി തളിച്ച പച്ചക്കറികൾ വ്യാപകമായി വിതരണം ചെയ്തുവരുന്ന സാഹചര്യത്തിൽ കൃഷി വകുപ്പിന്റെ അധീനതയിലുള്ള ഫാമുകൾ കേന്ദ്രീകരിച്ച് ജൈവ പച്ചക്കറികൾ ഉല്പാദിപ്പിച്ച് കേരളത്തെ ജൈവ പച്ചക്കറികൾ മാത്രമുള്ള സംസ്ഥാനമായി പ്രഖ്യാപിക്കാൻ നടപടികൾ സ്വീകരിക്കുമോ; | എ) കൃഷി വകുപ്പിന്റെ അധീനതയിലുള്ള ഫാമുകളിൽ പ്രധാനമായും വിത്തുകളുടെയും തൈകളുടേയും മറ്റു നടീൽ വസ്തുക്കളുടേയും ഉൽപാദനമാണ് നടന്നു വരുന്നത്. കൃഷി വകുപ്പിന്റെ അധീനതയിലുള്ള പരമാവധി സ്ഥലം ജൈവപച്ചക്കറി കൃഷിക്ക് ഉപയോഗിച്ചുവരുന്നു. |
| ബി) നടീൽ വസ്തുക്കളും വളവും കർഷകർക്ക് നൽകി അവർ നൽകുന്ന വിളകൾക്ക് തൂക്കം നോക്കി സബ്സിഡി നൽകിയും, ബോണസ്സ് നൽകിയും സമഗ്രവും സത്യസന്ധവുമായി പദ്ധതികൾ ആസൂത്രണം ചെയ്യുമോ? | ബി) നിലവിൽ ജൈവപച്ചക്കറി കൃഷിക്കായി നടീൽ വസ്തുക്കളും വളവും കർഷകർക്ക് സബ്സിഡി നിരക്കിൽ നൽകി വരുന്നുണ്ട്. ഉൽപാദനത്തിന്റെ തൂക്കം നോക്കി സബ്സിഡി , ബോണസ്സ് എന്നിവ നൽകുന്ന കാര്യം ഇപ്പോൾ പരിഗണനയിലില്ല. പദ്ധതി ആസൂത്രണം സമഗ്രവും സത്യസന്ധവുമായാണ് ചെയ്തു വരുന്നത്. |

S. [signature]

**സെക്ഷൻ ഓഫീസർ**